# ‘ന്യായാധിപനായ ക്രിസ്തു’

## യെശയ്യാവ് 42:3–4

“ചതഞ്ഞ ഓട അവൻ ഒടിച്ചുകളകയില്ല; പുകയുന്ന തിരി കെടുത്തുകളകയില്ല; അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും. ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല; അധൈര്യപ്പെടുകയുമില്ല; അവന്റെ ഉപദേശത്തിനായി ദ്വീപുകൾ കാത്തിരിക്കുന്നു.’’

യെശയ്യാ പ്രവാചകൻ ഇവിടെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിനെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവൻ നീതിയോടെ വിധിക്കുകയും ന്യായം നടത്തുകയും ചെയ്യുന്ന രാജാധി രാജാവായിരിക്കും എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. അവനിൽ വിശ്വസിച്ച് അവനായി കാത്തിരിക്കുന്ന ആരെയും അവൻ നിരാശരായി കാണാൻ ആഗ്രഹിക്കുന്നില്ല. നാം ഇന്നു ജീവിക്കുന്ന അനീതിയുടെ കലവറയും പാപം ഒരു മാറാവ്യാധി പോലെ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്നതുമായ ഈ ലോകത്തിൽ അവൻ തന്റെ നീതിയിൻ സമ്രാജ്യം സ്ഥാപിക്കും എന്നു നമ്മെ യെശയ്യാവ് ഓർമ്മിപ്പിക്കുന്നു. ഓരോരുത്തർക്കും തക്കതായ പ്രതിഫലം ലഭിക്കുക തന്നെ ചെയ്യും, നിശ്ചയം.

ഒന്നു നോക്കിയാൽ കർത്താവിന്റെ വരവ് ഏറ്റവും വേഗം നടക്കട്ടെ എന്നാഗ്രഹിക്കുന്നവരായിരിക്കും അധികവും, കാരണം ഈ കർത്താവിനെ പൂർണ്ണമായി ഉപേക്ഷിച്ച് ജീവിക്കുന്ന ഒരു ലോകത്തിലാണ് ഞാനും നിങ്ങളും ഇന്നു ജീവിക്കുന്നത്. ലോകം അതിന്റെ പൂർണ്ണമായ മ്ലേച്ഛരൂപത്തിലേക്ക് മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. എങ്ങും അസത്യവും, ഭീതിയും, അന്യായങ്ങളും എന്നു വേണ്ട ഒരു ദൈവപൈതലിനു ഉൾക്കൊള്ളാൻ കഴിയാത്ത വിധത്തിലുള്ള പ്രവൃത്തികളാൽ ഈ ലോകം മാറ്റപ്പെട്ടു കഴിഞ്ഞു.

1 തെസ്സലോനീക്യർ 4:16–18 “കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ.’’

ഇവിടെ വലിയൊരു പ്രത്യാശയിൻ വചനമാണ നാം കണ്ടത്, 16–17 വാക്യങ്ങളിൽ ആ പ്രത്യാശയെന്തെന്ന് നമ്മെ ഓർമ്മിപ്പിച്ചിട്ട് 18–)o വാക്യത്തിൽ പറയുന്നു ഈ വചനങ്ങളാൽ നാം അന്യോന്യം ആശ്വസിപ്പിച്ചുകൊൾവാൻ. ഇന്നു നാം ഓരോരുത്തരും നമ്മോടു തന്നെ ചോദിക്കേണ്ടിയിരിക്കുന്ന ഒരു വലിയ ചോദ്യമാണിത്. നാം ഇന്നു അന്യോന്യം ആശ്വസിപ്പിക്കുന്നവരാണോ? നമ്മുടെ കുടുംബത്തിലാകട്ടെ, കൂട്ടായ്മയിലാകട്ടെ എന്നു വേണ്ട നാം ഇന്നു ഏർപ്പെടുന്ന ഏതു മേഖലയെടുത്താലും അവിടെയൊക്കെ വളരെ പ്രസക്തിയോടെ നമ്മുടെ മുമ്പിൽ നിൽക്കുന്ന ഒരു ചോദ്യമാണിത്. കാരണം, അവന്റെ രണ്ടാം വരവിൽ സഭയെടുക്കപ്പെട്ടു കഴിഞ്ഞാൽ പിന്നീട് 7 വർഷക്കാലം മഹോപദ്രവ കാലമായിരിക്കും. അതിൽ നിന്നും രക്ഷനേടി അവന്റെ മണവാട്ടിസഭയായി എടുക്കപ്പെടുവാൻ ഉള്ള തയ്യാറെടുപ്പ് നാം ഇന്നു നടത്തിയിട്ടുണ്ടോ? അവൻ വരുന്നത് ആദ്യം വന്നതുപോലെ അല്ല, പൂർണ്ണ അധികാരം അവന്റെ ചുമലിലിരിക്കും, അവൻ രജാധിരാജാവായി ഇവിടെ വാഴും, അവസാനം അവൻ ഈ ലോകത്തിൽ അവന്റെ രാജ്യം സ്ഥാപിക്കുകയും സമാധാനവും, സന്തോഷവും, നീതിയും എല്ലാം അതിന്റെ പൂർണ്ണമായ അവസ്ഥയിൽ ഇവിടെ സ്ഥാപിക്കുകയും ചെയ്യും.

ഈ കർത്താവിന്റെ വരവിനായി നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ?

റോമർ 10:9 **“യേശുവിനെ കർത്താവെന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽപിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും.’’**

അങ്ങനെയെങ്കിൽ ഇന്നു നീ ഏത് അവസ്ഥയിൽ ആയിക്കൊള്ളട്ടെ, എന്തുമായിക്കൊള്ളട്ടെ, ഈ വചനങ്ങൾ നിന്റെ മനസ്സിനു ഒരു മാനസ്സാന്തരം വരുത്തിയോ എങ്കിൽ നീ ഇന്നു തന്നെ ഈ രക്ഷ ഒന്നു സ്വീകരിച്ചേ, ആ രക്ഷ നിലനിർത്തുവാൻ അവന്റെ വചനത്തിൻ പ്രകാരം നിന്റെ ജീവിതം ഒന്നു ക്രമപ്പെടുത്തിക്കെ. കർത്താവിന്റെ രണ്ടാം വരവിൽ അവനോടു കൂടെ അവന്റെ മണവാട്ടി സഭയായി എടുക്കപ്പെടാൻ ഒന്നു തയ്യാറായിക്കെ, കാരണം സമയം ഇനി അധികമില്ല നമുക്കീ ധരയിൽ. ദൈവത്തിന്റെ കാഹളധ്വനിക്കായ് കാതോർക്കാം. ദൂതന്മാരുടെ വരവിനായ് കണ്ണു നട്ടു കാത്തിരിക്കാം. ദൈവം നമ്മെ അതിനു സഹായിക്കുമാറാകട്ടെ.

**പരാമർശം :**

**എഫെസ്യർ 1:20–23**

‘അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്തു എല്ലാ വാഴ്ചെക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല

വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽക്കീഴാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു.'

ബ്രദർ ബിനു ബേബി ആലപ്പുഴ 009